# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025-26

## ജി.എം.യു.പി.എസ്. വാഴക്കാട്



# ലക്ഷ്യ 2025-26



Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ - 2025-26

## ഉള്ളടക്കം


| ക്രമ നമ്പർ | തലക്കെട്ട് | പേജ് |
|---|---|---|
| 1 | ആമുഖം | 3 |
| 2 | അക്കാദമിക പരിമിതികൾ | 4 |
| 3 | അടിസ്ഥാന വിവരങ്ങൾ | 4-5 |
| 4 | പൊതുലക്ഷ്യങ്ങൾ | 7 |
| 6 | സവിശേഷ ലക്ഷ്യങ്ങൾ (LP) | 8 |
| 7 | ഒന്നാം തരം | 9-11 |
| 8 | രണ്ടാം തരം | 12-16 |
| 9 | മൂന്നാം തരം | 17-21 |
| 10 | നാലാം തരം | 22-28 |
| 11 | സവിശേഷ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും (UP) | 29 |
| 12 | മലയാളം | 29-30 |
| 13 | അറബി | 31 |
| 14 | ഉറുദു | 32 |
| 15 | ഇംഗ്ലീഷ് | 33 |
| 16 | ഹിന്ദി | 34-35 |
| 17 | അടിസ്ഥാന ശാസ്ത്രം | 35-36 |
| 18 | സാമൂഹ്യശാസ്ത്രം | 36-37 |
| 19 | ഗണിതം | 37-38 |
| 20 | ലൈബ്രറി നവീകരണം. | 39 |




Scanned with OKEN Scanner

# ആമുഖം

ദിനംപ്രതി മാറിക്കൊണ്ടിരിക്കുന്ന നമ്മുടെ സമൂഹത്തിൽ നിരന്തരമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. പൊതു വിദ്യാലയങ്ങളുടെ ഭൗതികവും അക്കാദമികവും സാമൂഹ്യവുമായ എല്ലാ പരിമിതികളും പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ചുവടുപിടിച്ച് ഉയർന്ന് വന്ന ഒരുപാട് വിദ്യാലയങ്ങൾ ഇന്ന് മികവിന്റെ കേന്ദ്രങ്ങളായി. അക്കാദമിക രംഗം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർ പ്ലാനുകൾ കൂടി തയ്യാറാക്കിയതോടെ മികച്ച പ്രവർത്തനങ്ങൾ നടത്തി മാതൃകകൾ സൃഷ്ടിച്ചു.

കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ വളരെ മുൻപേ തന്നെ യാത്ര തുടങ്ങിയതാണ് വാഴക്കാട് പ്രദേശവും ജനതയും. 1903ൽ കരുമരക്കാട് ദേശത്ത് ആരംഭിച്ച ഏകാധ്യാപക വിദ്യാലയം, ഇന്ന് കൊണ്ടോട്ടി ഉപജില്ലയിലെ വളരെയധികം ചരിത്ര പാരമ്പര്യം അവകാശപ്പെടാവുന്ന വിദ്യാലയമായി മാറിയെങ്കിൽ അതിന്റെ പിന്നിൽ ഒരു നാടിന്റെ മുഴുവൻ കരുതലും സ്നേഹവും ഉണ്ട്. ഒപ്പം പ്രാദേശികഭരണകൂടത്തിന്റെയും സർക്കാരിന്റെയും മറ്റും നിറഞ്ഞ സഹകരണം വാഴക്കാട് ജി.എം. യു.പി. സ്കൂൾ ഇന്ന് കാണുന്ന പ്രതാപത്തിലെത്താൻ വഴി തെളിച്ചു.

പൊതുസമൂഹവും രക്ഷിതാക്കളും വിദ്യാലയത്തിൽ അർപ്പിച്ച വിശ്വാസ്യതയാണ് മുൻവർഷങ്ങളിൽ കൊണ്ടോട്ടി സബ്ജില്ലയിലെ മികച്ച സ്കൂളുകളിൽ ഒന്നായി മാറാനും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെക്കാനും സഹായകമായത്. അങ്ങനെ നേടിയെടുത്ത മികവുകളുടെ പുസ്തകത്തിലേക്ക് ഇനിയും ഏടുകൾ കൂട്ടിച്ചേർക്കാനുള്ള പ്രയത്നത്തിലാണ് ഇന്ന് നമ്മുടെ വിദ്യാലയവും നാടും.



Scanned with OKEN Scanner

# അക്കാദമിക പരിമിതികൾ

1. കുട്ടിയുടെ സർവതോൻമുഖമായ വികാസത്തിനുതകുന്ന പഠനാന്തരീക്ഷം ഒരുക്കുന്നതിന് ആധുനിക സാങ്കേതികവിദ്യയുടെ വിവിധ സാധ്യതകൾ (ICT,പഠനവിഭവ സി.ഡി, അക്കാദമിക പോർട്ടൽ) പ്രയോജനപ്പെടുത്തുന്നതിന് കഴിയേണ്ടതുണ്ട്.
2. പഠനമികവുള്ള കുട്ടികൾക്കായി അവരുടെ സർഗ്ഗശേഷിയുടെ വളർച്ചക്കാവശ്യമായ അധികപഠനാനുഭവങ്ങൾ ഒരുക്കിക്കൊടുക്കേണ്ടതുണ്ട്.
3. സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി, ഗ്രാമീണ ഗ്രന്ഥശാലകൾ ഇവയെ ഉപയോഗിച്ച് കൊണ്ട് വായനയുടെ പുതുലോകത്തേക്ക് കുട്ടികളെ നയിക്കേണ്ടതുണ്ട്.
4. പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികളുടെ കുടുംബാന്തരീക്ഷം സാമൂഹ്യസാഹചര്യം എന്നിവ മനസ്സിലാക്കി പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിന് കഴിയുന്നില്ല.
5. സംഗീതം, നൃത്തം, അഭിനയം, ചിത്രരചന, ശിൽപനിർമ്മാണങ്ങൾ തുടങ്ങിയ സർഗാത്മക കഴിവുകൾ വളർത്തിയെടുക്കുന്നതിന് സ്കൂളിനോടനുബന്ധിച്ച് ഒരു കലാകേന്ദ്രം ഉണ്ടാക്കേണ്ടതുണ്ട്
6. കുട്ടികളുടെ ആരോഗ്യ-കായിക വളർച്ച ലക്ഷ്യം വെക്കുന്നതിന് വിവിധ പരിശീലനങ്ങൾ (യോഗ, കളരി, നീന്തൽ, തായ്ക്കോണ്ട എയറോബിക്സ്) നൽകുന്നതിന് സ്ഥലപരിമിതി തടസം നിൽക്കുന്നു.
7. പാഠ്യേതര പ്രവർത്തനങ്ങൾക്കും സർഗാത്മക പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്ന സ്കൂൾ കൂട്ടായ്മകൾ (വിവിധ ക്ലബ്ബുകൾ, സ്കൗട്ട് ആൻറ് ഗൈഡ്, ജെ.ആർ.സി, സൗഹൃദക്ലബ്, കരിയർ ഗൈഡൻസ്) ശക്തിപ്പെടുത്തേണ്ടതുണ്ട്.
8. ജീവിതനൈപുണിയും തൊഴിൽപരിശീലനവും കുട്ടികളിൽ എത്തിച്ചുകൊണ്ട് പരിശീലനം നൽകുന്നതിന് ചില പരിമിതികൾ നിലനിൽക്കുന്നു.
9. സ്കൂൾ അസംബ്ലി ചിട്ടപ്പെടുത്തി കുട്ടികളിൽ അച്ചടക്കശീലവും മൂല്യബോധവും വളർത്തിയെടുക്കേണ്ടതുണ്ട്.
10. CPTA, MPTA, PTA, SSG, SMC, പൂർവ്വ വിദ്യാർത്ഥി പൂർവ്വാധ്യാപകസംഘടനകൾ എന്നീ കൂട്ടായ്മകളെ ശക്തിപ്പെടുത്തിക്കൊണ്ട് പഠനത്തിന്റെ ഗുണമേന്മ വർധിപ്പിക്കുന്നതിന് ചില പരിമിതികൾ നിലനിൽക്കുന്നുണ്ട്.
11. വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങളായ തുല്യത, ഗുണത എന്നിവ ഉറപ്പ് വരുത്തേണ്ടതുണ്ട്.

# അടിസ്ഥാന വിവരങ്ങൾ

## വിദ്യാലയചരിത്രം

1903ൽ ആക്കോട് അമ്പലത്തിങ്ങൽ ഒരു പീടിക കോലായിൽ ആരംഭിച്ച ഏകാധ്യാപകവിദ്യാലയമാണ് ഇന്ന് എഴുന്നൂറിലേറെ കുട്ടികൾ പഠിക്കുന്ന കൊണ്ടോട്ടി സബ്ജില്ലയിലെ മികച്ച വിദ്യാലയങ്ങളിലൊന്നായി പ്രവർത്തിക്കുന്ന ജി.എം.യു.പി.സ്കൂൾ വാഴക്കാട്.

തുടക്കത്തിൽ നാലഞ്ച് വിദ്യാർത്ഥികൾ മാത്രമുണ്ടായിരുന്ന വിദ്യാലയം രണ്ടു വർഷത്തിനുശേഷം പഠിതാക്കളില്ലാത്തതിനാൽ അടച്ചുപൂട്ടപ്പെട്ടു. പിന്നീട് 1908ൽ റിസൾട്ട് എലിമെന്ററി സ്കൂൾ കരുമരക്കാട് എന്ന പേരിൽ വിദ്യാലയം പുനരാരംഭിക്കപ്പെട്ടു. കാലക്രമേണ വിദ്യാർത്ഥികളുടെ എണ്ണം വർധിക്കുകയും താലൂക്ക് ബോർഡിനുകീഴിൽ ഒരു വാടകക്കെട്ടിടത്തിലേക്കുമാറുകയും ചെയ്തു. ഡിസ്ട്രിക്റ്റ് ബോർഡിന്റെ രൂപീകരണത്തോടെ 1 മുതൽ 5വരെ ക്ലാസുകളുള്ള ഈ സ്കൂൾ 'ബോർഡ് മാപ്പിള എലിമെന്ററി സ്കൂൾ' എന്നറിയപ്പെട്ടു. 1941ൽ 8 വരെ ക്ലാസുകളും ഇ.എസ്.എസ്.എൽ.സിയും നിലവിൽ വന്നതോടെ ഇത് 'ബോർഡ് മാപ്പിള ഹയർസെക്കണ്ടറി



Scanned with OKEN Scanner

സ്കൂൾ' ആയി മാറി. 1957ൽ ബോർഡിന്റെ കീഴിൽ ഹൈസ്കൂൾ നിലവിൽ വന്നതിനെ തുടർന്ന് 1 മുതൽ 5 വരെ ക്ലാസുകൾ കരുമരക്കാട് ഗവ. എൽ.പി.സ്കൂൾ എന്ന പേരിൽ ഇപ്പോഴത്തെ ടെക്നിക്കൽ ഹയർസെക്കണ്ടറി സ്കൂൾ നിലനിൽക്കുന്ന സ്ഥലത്തും 6 മുതൽ 10 വരെ ഹൈസ്കൂളിന്റെ ഭാഗമായും പ്രവർത്തനം തുടർന്നു. 1995ലാണ് കരുമരക്കാട് എൽ.പിയും ഹൈസ്കൂളിന്റെ ഭാഗമായിരുന്ന യു.പി.വിഭാഗവും ചേർന്ന് ഇന്നത്തെ ജി.എം.യു.പി.സ്കൂളായി പ്രവർത്തിച്ചു തുടങ്ങിയത്.

പഠനരംഗത്തും പാഠ്യാനുബന്ധപ്രവർത്തനങ്ങളിലും ഈ വിദ്യാലയം മികവു പുലർത്തിപ്പോരുന്നു. സ്മാർട്ട് ക്ലാസ്റൂമുകൾ ഉപയോഗപ്പെടുത്തിയുള്ള പഠനം, റഫറൻസ് ലൈബ്രറി, ക്ലാസ്തല വായനമൂലകൾ, കമ്പ്യൂട്ടർ പഠനം, ഉൾച്ചേർന്ന വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം, മികച്ച സ്കൗട്ട് -ഗൈഡ്-ജെ.ആർ.സി യൂണിറ്റുകൾ, കലാകായിക പരിശീലനങ്ങൾ, ശാസ്ത്ര-ഗണിത-സാമൂഹ്യശാസ്ത്ര-പ്രവൃത്തിപരിചയമേളകളിലെയും കലാകായികമേളകളിലെയും മികച്ച പ്രകടനങ്ങൾ, ഉച്ചഭക്ഷണ സംവിധാനത്തിലെ മികവ്, മാസാന്ത്യക്വിസ് മത്സരങ്ങളും വർഷാന്ത്യമെഗാക്വിസും, ക്ലബ് പ്രവർത്തനങ്ങളുടെയും ദിനാചരണങ്ങളുടെയും വ്യത്യസ്തത എന്നിവ ഈ വിദ്യാലയത്തിന്റെ മികവു ചിലതു മാത്രമാണ്.

സ്കൂൾ നേരിടുന്ന പ്രധാന പ്രശ്നം സ്ഥലപരിമിതിതന്നെയാണ്. അതിനൊരു പരിഹാരമെന്ന നിലയിൽ പി.ടി.എ.യുടെ നിരന്തര ശ്രമങ്ങളുടെയും എം.എൽ.എയുടെ അനുഭാവപൂർവമായ ഇടപെടലിന്റെയും ഫലമായി കിഫ്ബിഫണ്ടുപയോഗിച്ച് നിർമ്മിക്കപ്പെട്ട പുതിയ മൂന്നുനിലക്കെട്ടിടം ആശ്വാസമായി. എങ്കിലും സ്കൂളിലെ കുട്ടികളുടെ എണ്ണം കണക്കിലെടുക്കുമ്പോൾ ഇനിയും ക്ലാസ്മുറികൾ ആവശ്യമുണ്ടെന്നതാണ് വസ്തുത.

സ്കൂൾ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്ന പി.ടി.എ, എം.ടി.എ, എസ്.എം.സി, പ്രാദേശിക ക്ലബ്ബുകൾ എന്നീ കൂട്ടായ്മകളെല്ലാം സ്കൂളിനൊപ്പം എന്നും പ്രവർത്തിക്കുമെന്നുറപ്പാണ്.

## ജി.എം.യു.പി.സ്കൂൾ, വാഴക്കാട്

1. ഗ്രാമപഞ്ചായത്ത് - വാഴക്കാട്
2. വാർഡ് - 5
3. ബി.ആർ.സി - കൊണ്ടോട്ടി
4. സി.ആർ.സി - വാഴക്കാട്
5. ഉപജില്ല - കൊണ്ടോട്ടി
6. വിദ്യാഭ്യാസജില്ല - മലപ്പുറം
7. ജില്ല - മലപ്പുറം
8. ഇ-മെയിൽ - gmupvkd@gmail.com
9. ഹെഡ്മാസ്റ്റർ - ശ്രീ. അജീഷ്. എ
10. ഫോൺ - 9496183870
11. സ്കൂൾ സ്റ്റാഫ്
    a. HM - 1
    b. സഹാധ്യാപകർ - 24
    c. ഓഫീസ് അറ്റൻഡന്റ് - 1
    d. പാർട്ട് ടൈം സ്വീപ്പർ - 1



Scanned with OKEN Scanner

# വാഴക്കാട് ജി.എം.യു.പി. സ്കൂൾ

## വിദ്യാലയം-വികസന കാഴ്ചപ്പാട്

കൊണ്ടോട്ടി ഉപജില്ലയിലെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന വിദ്യാലയങ്ങളിലൊന്നാണ് വാഴക്കാട് ജി.എം.യു.പി.സ്കൂൾ. 700ലധികം വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിൽ പഠിക്കുന്നുണ്ട്. ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണം കൂടിവരുന്ന ഒരു വിദ്യാലയമാണ് വാഴക്കാട് ജി.എം.യു.പി സ്കൂൾ. വാഴക്കാട് ഏക ഗവ. യു.പി.സ്കൂളായ ഈ വിദ്യാലയത്തിന് ഇനിയും ഒട്ടേറെ സൗകര്യങ്ങൾ അത്യാവശ്യമായി ലഭിക്കേണ്ടതുണ്ട്.

**സ്റ്റേജ് :** നിലവിലുള്ള സ്റ്റേജ് ഒഴിവാക്കിയാണ് ആ സ്ഥലത്ത് പുതിയ കെട്ടിടം പണിതത്. ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് എല്ലാ സൗകര്യങ്ങളുമുള്ള ഒരു സ്റ്റേജ് പണി പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ഉപജില്ലാകലോത്സവങ്ങളിൽ ശ്രദ്ധേയമായ മികവ് പുലർത്തുന്ന ഈ വിദ്യാലയത്തിൽ കലാപരമായ കഴിവുകൾ വളർത്തുന്നതിന് സ്റ്റേജ് അഭികാമ്യമാണ്. രണ്ട് ക്ലാസ് റൂമുകൾ ലഭ്യമാകുന്ന രീതിയിൽ സ്റ്റേജ് കം ക്ലാസ് റൂം ബിൽഡിംഗ് ആവശ്യമാണ്.

**ഗ്രൗണ്ട് :** ഉപജില്ലാ കലാമേളയിൽ കഴിഞ്ഞ വർഷങ്ങളിൽ ഓവറോൾ കിരീടവും ഫുട്ബോൾ മത്സരത്തിൽ ഓവറോളും നേടിയ ഈ വിദ്യാലയത്തിന് സ്വന്തമായി ഒരു ഗ്രൗണ്ട് ഇല്ലാത്തതിനാൽ കായികമേളയും ഫുട്ബോൾ പരിശീലനവും കൃത്യമായി നടത്തുവാൻ സാധിക്കാറില്ല. ഹൈസ്കൂളിലെ ഗ്രൗണ്ടിൽ വെച്ചാണ് മത്സരങ്ങൾ നടത്താറ്.

**എല്ലാ ക്ലാസുകളിലും പ്രൊജക്ടർ:**

കുട്ടികൾ പഠനപ്രവർത്തനങ്ങൾ കൃത്യമായി ചെയ്യുന്നതിന് എല്ലാ ക്ലാസ്സുകളിലും പ്രൊജക്ടർ അത്യാവശ്യമാണ്. പ്രൊജക്ടർ സ്ഥാപിക്കുന്നതിനുള്ള വയറിംഗ് സൗകര്യങ്ങൾ എല്ലാ ക്ലാസ്സുകളിലും പൂർത്തിയാക്കിയിട്ടുണ്ട്.

**ലാബ്-സയൻസ്**

സയൻസ് വിഷയങ്ങളിലെ പരീക്ഷണങ്ങൾ ഓരോ വിദ്യാർത്ഥിക്കും സ്വന്തമായി ചെയ്യുവാൻ പറ്റുന്ന രീതിയിലുള്ള വിശാലമായ എല്ലാ സൗകര്യങ്ങളോടുകൂടിയ ലാബ് സ്കൂളിൽ വളരെ അത്യാവശ്യമാണ്. റാക്കുകളും ക്ലാസ്റൂമും പ്രൊജക്ടറും വാഷ്ബേസിനും ആവശ്യമാണ്.

**ഓഡിറ്റോറിയം**

നിലവിലെ പഴയ കെട്ടിടത്തിനുമുകളിൽ ഷീറ്റിട്ട് വിശാലമായ ഓഡിറ്റോറിയം പണിതാൽ മഴക്കാലത്തും മറ്റു സമയങ്ങളിലും മീറ്റിംഗുകളും പരിപാടികളും നടത്തുവാൻ സൗകര്യമാണ്.

**വിദ്യാലയത്തിനൊരു ബസ്**

പുവ്വാട്ടുപറമ്പ് മുതൽ എടവണ്ണപ്പാറ വരെയുള്ള വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിൽ പഠിക്കുന്നുണ്ട്. കുട്ടികൾക്ക് സ്വന്തമായി സ്കൂൾബസ് ഇല്ലാത്തതിനാൽ കൃത്യസമയത്ത് സ്കൂളിൽ എത്തുവാൻ പ്രയാസമുണ്ട്.

**ഡൈനിംഗ് ഹാളും അടുക്കളയും**

ആധുനിക സൗകര്യങ്ങളോടുകൂടിയ അടുക്കളയും ബയോഗ്യാസ്പ്ലാന്റും ഡൈനിംഗ് ഹാളും സ്കൂളിൽ ആവശ്യമാണ്. മദ്രസ്സ കഴിഞ്ഞ് വരുന്ന വിദ്യാർത്ഥികൾക്ക് വീട്ടിൽ പോകുവാൻ സമയമില്ലാത്തതിനാൽ പി.ടി.എയുടെ കീഴിൽ പ്രഭാതഭക്ഷണവും നൽകേണ്ടതാണ്.

**ഡാൻസ്, പാട്ട് പരിശീലന ക്ലാസ്സുകൾ**

ഡാൻസ്, പാട്ട്, തുടങ്ങിയ കലാഭിരുചിയുള്ള വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിന് ഒഴി



Scanned with OKEN Scanner

വുദിവസങ്ങളിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് വിദഗ്ധരുടെ സേവനം ആവശ്യമായിരുന്നു.

**പാർക്ക്, പൂന്തോട്ടം**

കുട്ടികളെ ഔട്ട് ഡോർ പ്രവർത്തനങ്ങൾ നൽകുന്നതിന് പാർക്കും പൂന്തോട്ടവും ആവശ്യമാണ്.

**സ്വിമ്മിംഗ്പൂൾ**

വിദ്യാർത്ഥികളെ നീന്തൽ പരിശീലിപ്പിക്കുന്നതിന് സ്കൂളിന് മുമ്പിലുള്ള വയൽ വാങ്ങി നീന്തൽകുളം പണിതാൽ സൗകര്യമാണ്. നീന്തൽ അറിയാത്തത് കാരണം രണ്ട് വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിൽ മരണപ്പെട്ടിരുന്നു.

ഈ രീതിയിലുള്ള സൗകര്യങ്ങൾ ഒരുക്കിയാൽ നമ്മുടെ വിദ്യാലയം സംസ്ഥാനത്ത് തന്നെ ഒരു മാതൃകാ വിദ്യാലയമാക്കി മാറ്റാവുന്നതാണ്.

## പൊതുലക്ഷ്യങ്ങൾ

1. ഭിന്നശേഷികളുടെ വികാസം ഉറപ്പുവരുത്തുക
2. ഗണിതശേഷികളുടെ വികാസം ഉറപ്പുവരുത്തുക
3. ശാസ്ത്ര അഭിരുചി വളർത്തുക
4. ജനാധിപത്യബോധം വിമർശനാത്മക ചിന്ത, സാമൂഹ്യശാസ്ത്രബോധം എന്നിവ വളർത്തുക.
5. തുല്യത, ഗുണത എന്നിവ ഉറപ്പുവരുത്തുക
6. ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ സ്മാർട്ട് ക്ലാസ്റൂമുകൾ നിർമ്മിക്കുക, കമ്പ്യൂട്ടർ പഠനം കാര്യക്ഷമമാക്കുക.
7. ഉയർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്ക് കൂടുതൽ അവസരങ്ങൾ പ്രധാനം ചെയ്യുക.
8. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പഠനത്തിന് പ്രത്യേക സഹായങ്ങൾ നൽകുക
9. സർഗ്ഗാത്മക കഴിവുകളെ പരിപോഷിപ്പിക്കുക
10. കുട്ടികളുടെ ശാരീരിക ക്ഷമത ഉറപ്പുവരുത്തുക
11. വായനയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ലൈബ്രറി വിപുലീകരണം നടത്തുക
12. ശാസ്ത്ര-സാമൂഹികശാസ്ത്ര, ഗണിതലാബുകളുടെ വിപുലീകരണം ഉറപ്പുവരുത്തുക.
13. BALA (Building as a learning aid) എന്ന ആശയം നടപ്പിലാക്കുക.
14. കെട്ടിടത്തിന്റെ ചുമരുകൾ പഠനപരിപോഷണത്തിന് ഉതകുന്നതരത്തിൽ ആകർഷകമാക്കുക
15. പ്രകൃതിപഠനത്തിന് അവസരമൊരുക്കുന്നതരത്തിൽ ജൈവ വൈവിധ്യപാർക്ക് സ്ഥാപിക്കുക
16. പിന്തുണസംവിധാനങ്ങളായ PTA, SMC, MPTA, CPTA എന്നിവയെ ശാക്തീകരിക്കുക
17. സ്കൂൾ പാർലമെന്റ് ഫലപ്രദമായി നടപ്പിലാക്കുക
18. പോഷകസമൃദ്ധമായ ഉച്ചഭക്ഷണപദ്ധതികൾക്കായി രക്ഷിതാക്കളുടെ സഹകരണം ഉറപ്പുവരുത്തുക.
19. ലഹരിവിരുദ്ധ മനോഭാവം വളർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുക.

## സവിശേഷ ലക്ഷ്യങ്ങൾ (LP)

**1. വിദ്യാലയ കൂട്ടായ്മകളെ ശക്തിപ്പെടുത്തൽ**

ഗുണപരമായും തുല്യതയോടെയും പഠനാനുഭവങ്ങൾ ഓരോ കുട്ടിക്കും ഉറപ്പുവരുത്തുന്നതിനായി വിദ്യാലയത്തിലെ വിവിധ കൂട്ടായ്മകളുടെ ശക്തിപ്പെടൽ അനിവാര്യമാണ്. സി.പി.ടി.എ,



Scanned with OKEN Scanner

എം.പി.ടി.എ, പി.ടി.എ, എസ്.എം.സി, എസ്.എസ്.ജി, പൂർവ വിദ്യാർഥി സംഘടനകൾ ഇവയുടെ സജീവ ഇടപെടലിലൂടെ ഗുണത വർദ്ധിക്കും വിദ്യാർത്ഥി-അധ്യാപകൻ-രക്ഷിതാവ് എന്നീ ഘടകങ്ങൾ പരസ്പര പൂരിതമായി പ്രവർത്തിക്കുമ്പോഴാണല്ലോ വിദ്യാഭ്യാസം അതിന്റെ പൂർണതയിലേക്കെത്തുന്നത്. വിദ്യാർഥികളുടെ പഠനപിന്നാക്കവസ്ഥ പരിഹരിക്കുന്നതിന് രക്ഷിതാവിന്റെ ചുമതല ബോധ്യപ്പെടണം. അധ്യാപകരുടെ പരിഹാരബോധന പ്രവർത്തനങ്ങളിലൂടെ പഠനവിടവുകൾ ഇല്ലാതാകണം. ഇതൊക്കെ മുന്നിൽകണ്ടുകൊണ്ടുള്ള ക്ലാസുകളും പരിശീലനങ്ങളും കുട്ടികൾക്കും ചില സന്ദർഭങ്ങളിൽ രക്ഷിതാക്കൾക്കും നൽകണം.

**2. പരിഹാരബോധന പ്രവർത്തനങ്ങൾ**

വിജയസ്പർശം, ഗണിതവിജയം മാതൃകയിൽ പ്രത്യേക പരിശീലനം ആവശ്യമായവർക്ക് ആഴ്ചയിൽ മൂന്ന് മണിക്കൂർ പ്രത്യേകപരിശീലനം നൽകി പഠനവിടവ് ഇല്ലാത്ത അവസ്ഥയിലേക്കെത്തണം. കുട്ടികൾക്ക് ഗുണത, തുല്യത എന്നിവ ഈ പ്രവർത്തനത്തിന്റെ സവിശേഷലക്ഷ്യമാണ്.

**3. ഐ.സി.ടി അധിഷ്ഠിത പഠനം**

വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും ആധുനികവിവരസാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗത്തിന് പ്രത്യേക പരിശീലനം പഠനപ്രവർത്തനങ്ങളുടെ കൂടെ നടത്തും. സമഗ്രപോർട്ടൽ, മറ്റ് വിദ്യാഭ്യാസ ബ്ലോഗുകൾ, നവമാധ്യമ സാധ്യതകൾ എന്നിവ പ്രയോജനപ്പെടുത്തിക്കൊണ്ട് പഠനം കൂടുതൽ ആസ്വാദ്യകരവും അനായാസകരവുമായി നടപ്പാക്കാൻ കഴിയും.

സഹിതം പോർട്ടൽ ഉപയോഗിച്ച് വിദ്യാർത്ഥികളുടെ വിലയിരുത്തലുകൾ രേഖപ്പെടുത്തും.

**4. എല്ലാവരും വായനയിലേക്ക്**

സ്കൂൾ ലൈബ്രറി നവീകരണം, ക്ലാസ് ലൈബ്രറി സ്ഥാപിക്കൽ, ഗ്രാമീണ വായനശാല അംഗത്വം, പുസ്തകവായന, പത്രവായന, ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വായന, പുസ്തകാസ്വാദനക്കുറിപ്പ് തയ്യാറാക്കൽ, സർഗസൃഷ്ടികളുടെ നിർമാണം, കഥയരങ്ങ്, കവിതാവേദി, കാവ്യാസ്വാദനക്ലാസ്, വായനോത്സവം തുടങ്ങിയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

**5. ആരോഗ്യ കായിക ശേഷി**

വിദ്യാലയത്തിൽ ഒരു കായികാധ്യാപകരുടെ സേവനം ലഭിക്കുന്നതിനാൽ കുട്ടികൾക്ക് മികച്ച രീതിയിൽ കായികപരിശീലനം നൽകാൻ കഴിയും. ആരോഗ്യ കായിക ശേഷിയുടെ വളർച്ച ലക്ഷ്യം വെച്ച് കൊണ്ടുള്ള വിവിധ പരിശീലനങ്ങൾ (യോഗ, ഡ്രിൽ, ഫുട്ബോൾ പരിശീലനം, ബാഡ്മിന്റൺ, എയറോബിക്സ് അത്‌ലറ്റിക്സ് ഇനങ്ങൾ) നൽകും. ഹൈസ്കൂൾ ഗ്രൗണ്ട് കൂടി പരിശീലനത്തിനായി ഉപയോഗപ്പെടുത്തും.

6. സാമ്പത്തിക-സാമൂഹിക പിന്നോക്കാവസ്ഥ മൂലം പഠനം പഠനപിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് ആവശ്യമായ കൈത്താങ്ങ് നൽകി അവരെ ചേർത്തുപിടിക്കുന്നതിന് ആവശ്യമായ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കും.
7. വിദ്യാലയത്തിന്റെ സ്ഥലപരിമിതികൾക്കുള്ളിൽ നിന്ന്കൊണ്ട് ജൈവ വൈവിധ്യോദ്യാനം നിർമ്മിക്കാൻവേണ്ട പ്രവർത്തനങ്ങൾ, പൂന്തോട്ട നിർമ്മാണം. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയത്തിലേക്ക്.
8. പാഠ്യാനുബന്ധ പ്രവർത്തനങ്ങൾക്കും സർഗാത്മക പ്രവർത്തനങ്ങൾക്കും മേൽനോട്ടം വഹിക്കുന്ന സ്കൗട്ട്, ഗൈഡ്സ്, വിവിധ ക്ലബ്ബ് പ്രവർത്തനങ്ങൾ എന്നിവ ശക്തിപ്പെടുത്തും.
9. അവബോധ ക്ലാസുകൾ സംഘടിപ്പിക്കും കാർഷിക പ്രവർത്തനങ്ങൾ, സന്നദ്ധപ്രവർത്തനങ്ങൾകാരുണ്യപ്രവർത്തനങ്ങൾ എന്നിവയിലൂടെ ത്യാഗം, സേവന സന്നദ്ധത, പരിസ്ഥിതികാവബോധം, നേതൃപാടവം, ഭാഷാപ്രാവീണ്യം, സർഗാത്മക ശേഷീ വികാസം എന്നിവ ലക്ഷ്യം വെക്കുന്നു.
10. സ്കൂൾ അക്കാദമിക പ്രവർത്തനങ്ങളുടെ കൃത്യമായ ആസൂത്രണവും നിർവഹണവും വിലയിരുത്തലും സമയബന്ധിതമായി പൂർത്തിയാക്കും.



Scanned with OKEN Scanner

# സമഗ്ര ഗുണമേന്മ പദ്ധതി

വിദ്യാർത്ഥികളിലെ അക്കാദമിക മികവും ഗുണനിലവാരവും കൂടുതൽ മെച്ചപ്പെടുത്തി കുട്ടികളുടെ പഠന നില അറിഞ്ഞു കൊണ്ട് അവർക്ക് ആവശ്യമായി പഠനപിന്തുണ നൽകുന്നതാണ് സമഗ്ര ഗുണമേൻമ പദ്ധതി

**ലക്ഷ്യങ്ങൾ**

1. അക്കാദമിക പ്രവർത്തനങ്ങളുടെകാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേൻമ ഉറപ്പ് വരുത്താൻ.
2. മൂല്യനിർണ്ണയ രീതിശാസ്ത്രം പരിഷ്കരിക്കുകയും സമാഗമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പരുത്താൻ .
3. സാങ്കേതികവിദ്യാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ .
4. ഭരണപരമായ കാര്യക്ഷമത വർദ്ധിപ്പിക്കാൻ.
5. വിദ്യാഭ്യാസരംഗത്തെ ഗവേഷണ പ്രവർത്തനങ്ങൾ നവീകരിക്കുവാനും നൂതനമാകുന്നതിനും
6. ഗുണമേൻമ വിദ്യാഭ്യാസത്തിനായി സമൂഹത്തിലെ മറ്റ് സ്ഥപനങ്ങൾ വകുപ്പുകൾ, സമിതിൽ എന്നിവയുടെ സഹകരണം ഉറപ്പാക്കുന്നതിന് .
7. ഗുണമേൻമ വിദ്യാഭ്യാസ പരിപാടിയെക്കുറിച്ച് ജനങ്ങളെ അറിയില് അവരുടെ സം ഉറപ്പാക്കൽ.

സമഗ്ര ഗുണമേൻമ വിദ്യാഭ്യാസം കാര്യക്ഷമമായി നടപ്പാക്കുന്ന ഈ ഘട്ടത്തിൽ കുട്ടികളിൽ വികസിക്കേണ്ട പൊതുധാരണകൾക്കായി 03/06/25 മുതൽ 13/06/25 വരെ സ്കൂളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ.

**3/6/ 25**

LP - പൊതു വിഷയങ്ങൾ

UP - മയക്കുമരുന്ന് / ലഹരി ഉപയോഗത്തിനെതിരെ

**4/6/25**

LP/UP - റോഡിലൂടെ സഞ്ചാരം, റെയിൽ മുറിച്ച് കടക്കുമ്പോൾ , ജലപാത ഉപയോഗം, സ്കൂൾ വാഹന ഉപയോഗം എന്നിവയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

**5/6/2025**

LP - വ്യക്തിശുചിത്വം പരിസര ശുചിത്വം, ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യവൽക്കരണം

**9/6/25**

LP/UP - പൊതു ആരോഗ്യം

**10/6/ 25**

LP/UP -ഡിജിറ്റൽ അടക്കം

**11/6/ 25**

LP/UP - പൊതുമുതൽ സംരക്ഷണം

**12/6/25**

LP/UP പരസ്പര സഹകരണത്തിന്റെ പ്രാധാന്യം

**13/6/ 25** - പൊതു ക്രോഡീകരണം



Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## STD 1

## ഭാഷയുമായി ബന്ധപ്പെട്ടവ

**ലക്ഷ്യം** : വ്യത്യസ്തമായ സർഗാത്മക കഴിവുകൾ പ്രകടിപ്പിക്കൽ (ചിത്രംവര, അഭിനയം, കവിതാലാപനം, നിറംനൽകൽ, നിർമ്മാണപ്രവർത്തനങ്ങൾ)

**കാലയളവ്** : ജൂൺ-ജൂലൈ മാസങ്ങളിൽ

**പ്രവർത്തനങ്ങൾ :**

മഴച്ചിത്രം വരയ്ക്കൽ, മഴപ്പാട്ടുകൾ പാടൽ, മഴയനുഭവങ്ങൾ പറയൽ, തോണി നിർമാണം, ചെറിയ കഥകൾ കേൾപ്പിക്കൽ, വീട്ടുകാരെ പരിചയപ്പെടാം, വീട്ടുവിശേഷങ്ങൾ പങ്കുവെക്കൽ, അഭിനയം, മുഖംമൂടിവച്ച് അഭിനയം (വീട്ടിലെ അംഗങ്ങളായി) കവിത ചൊല്ലൽ, സചിത്ര പുസ്തക രചനാ പ്രവർത്തനങ്ങൾ.

**കാലയളവ്** : ആഗസ്റ്റ്

പതാക നിർമാണം, സ്വാതന്ത്ര്യദിനഗീതങ്ങൾ അവതരണം, സ്വാതന്ത്ര്യസമരനായകന്മാരുടെ വേഷം ധരിക്കൽ (ഫാൻസി ഡ്രസ്സ്), സംയുക്ത ഡയറി.

**കാലയളവ് സെപ്തംബർ**

ചിത്രവായന, ചിത്രകാർഡുകൾ രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കുന്നു.

അക്ഷരപ്പാട്ടുകൾ പാടുന്നു., കുട്ടിക്കവിതകൾ പാടുന്നു, ഇവയിൽ നിന്നെല്ലാം പഠിച്ച അക്ഷരങ്ങൾ കണ്ടെത്തുന്നു.

**ഒക്ടോബർ**

അക്ഷരച്ചിത്രങ്ങൾ വരയ്ക്കൽ പഠിച്ച അക്ഷരങ്ങൾ ഉപയോഗിച്ച് പുതിയ പദം കണ്ടെത്തുന്നു. പുതിയവാക്യങ്ങൾ തയ്യാറാക്കുന്ന വായനകാർഡുകൾ വായിക്കുന്നു. (ഒന്നോ രണ്ടോ വാക്യങ്ങൾ ഉള്ളവ)

വേദികളിൽ സ്വതന്ത്രമായി കഥ, കവിത, ആംഗ്യപ്പാട്ട് അവതരണം

**നവംബർ**

അക്ഷരകാർഡുകൾ ചേർത്ത്വച്ച് പദങ്ങൾ പദങ്ങൾ നിർമ്മിക്കുന്നു. ഉചിതമായ ചിഹ്നങ്ങൾ ചേർത്ത് വച്ച് പദങ്ങൾ നിർമ്മിക്കുന്നു.

ചിത്രക്കാർഡുകൾ നോക്കി അവയിൽ നിന്നും പദങ്ങളും വാക്യങ്ങളും നിർമിക്കുന്നു.

**ജനുവരി**

ലഘുവാക്യങ്ങൾ എഴുതിയ കാർഡുകൾ (ചിത്രങ്ങൾ ഉള്ളവ) പ്രദർശിപ്പിക്കുന്നു. കുട്ടികൾക്ക് വായിക്കാൻ അവസരം നൽകുന്നു. വരച്ച് യോജിപ്പിക്കാം എന്ന പ്രവർത്തനം ചെയ്യുന്നു. (ചിത്രങ്ങളും വാക്യങ്ങളും നൽകി യോജിച്ചവ ചേർത്ത് വരയ്ക്കൽ)

വായന കാർഡുകൾ നൽകി വായിക്കാനവസരം നൽകൽ. ചിത്രങ്ങൾ കൊടുത്ത് ആശയം പറയാനവസരം നൽകൽ.

**ഫെബ്രുവരി**

കുട്ടികൾക്ക് ഇഷ്ടമുള്ള വസ്തുക്കളെക്കുറിച്ച് പറയാൻ അവസരം നൽകുന്നു. ഇഷ്ടമുള്ള വസ്തുക്കളെക്കുറിച്ച് പറയാനും ചിത്രംവരയ്ക്കാനും ഇഷ്ടമുള്ള വസ്തുക്കളെക്കുറിച്ച് പറയാനും ചിത്രംവരയ്ക്കാനും ഇഷ്ടമുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാനും അവസരം നൽകുന്നു.

**വ്യവഹാരരൂപങ്ങൾ :** കഥ, കവിത, കുട്ടിക്കവിത, കടങ്കവിത etc.

എല്ലാ കുട്ടികൾക്കും അവരവർക്ക് കഴിയുന്ന പ്രവർത്തനങ്ങൾ സ്വതന്ത്രമായി ചെയ്യുന്നതിന് അവസരം നൽകുന്നു.



Scanned with OKEN Scanner

കുട്ടികൾ തയ്യാറാക്കിയ രചനകൾ ഉപയോഗിച്ച് മാഗസിൻ നിർമ്മിക്കുന്നു. മാഗസിൻ പ്രദർശനം -> (രക്ഷിതാക്കൾക്ക് CPTAയിൽ)

**ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട് ചെയ്യുന്ന പ്രവർത്തനങ്ങൾ**

അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ അക്ഷരക്കാർഡുകളും പദകാർഡുകളും വാക്യകാർഡുകളും നൽകൽ.

അക്ഷരങ്ങൾ ചേർത്ത് പദങ്ങളും പദങ്ങൾ ചേർത്ത് വാക്യങ്ങളും വാക്യങ്ങൾ ചേർത്ത് കഥയും കവിതയും കടങ്കവിതയുംമറ്റും തയ്യാറാക്കൽ ചിത്രങ്ങൾ നൽകി അടിക്കുറിപ്പെഴുതൽ.

കഥാകഥനം - കഥ എഴുതുന്നു. ഒരു കഥയുടെ ബാക്കി ഭാഗം പറയൽ - എഴുതൽ

ICT സാധ്യതകൾ ഇവയിലെല്ലാം പ്രയോജനപ്പെടുത്തുന്നതിന് സമയം കണ്ടെത്തുന്നു.

## STD-I

## English

Aim : To speak, read, and write english without any mistakes

Time : June to March

**June**

Pretest

To develop listening skills of reading skills first

**Listening Skills**

Games, Action Songs Hello English activities, conversations, Skit, Stories use ICT

**Speaking Skills**

Descriptions, growing sentences, picture reading picture description, self introduction. Assembly activities speech, book review, quix riddles, self introduction school radio etc.

**July - March**

**Reading Skills**

News paper reading, library books, reading book review, reading breaking news, findwords.

Collect and read past tense, rhyming words. Describing words etc Text book activities.

**Writing Skills**

Make word web, Picture descriptions word chain, sentence chain, make words of sentence make riddles, conversations, add more lines, develop story, description, notice proclamation, dairy letter announcement, magazine.



Scanned with OKEN Scanner

## STD 1

## ഗണിതം

**കാലയളവ് : ജൂൺ**

* വലുത്, ചെറുത്, * മുകളിൽ, താഴെ

* അടുത്ത്, അകലെ, * കൂടുതൽ, കുറവ്

* നീളം കൂടിയത്, നീളം കുറഞ്ഞത് എന്നിങ്ങനെയുള്ള ആശയങ്ങൾ ഗ്രഹിക്കുന്നതിനുള്ള വിവിധപ്രവർത്തനങ്ങൾ, വർക്ക് ഷീറ്റ്സ്, ഐ.സി.ടി സാധ്യതകൾ എന്നിവ പ്രയോജനപ്പെടുത്തൽ

**കാലയളവ്- ജൂലായ്**

* ഒരക്കസംഖ്യകൾ എണ്ണിയെടുക്കൽ, എഴുതൽ, വായിക്കൽ, ഒരക്കസംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിലാക്കൽ

* രണ്ട് ഒരക്കസംഖ്യകൾ ആരോഹണ അവരോഹണക്രമത്തിലാക്കൽ

* രണ്ട് ഒരക്കസംഖ്യകളുടെ സങ്കലനം

* രണ്ട് ഒരക്കസംഖ്യകളുടെ വ്യവകലനം

**കാലയളവ് - ആഗസ്റ്റ്**

* ഒരക്കസംഖ്യാ വ്യാഖ്യാനം

* ഒരക്ക സംഖ്യാ പാറ്റേൺ

വിവിധ കളികളിലൂടെയും, മഞ്ചാടി, കമ്പ്, ഈർക്കിൽ, തുടഹ്ങിയ വസ്തുക്കൾ ഉപയോഗിച്ചും സംഖ്യാ വ്യാഖ്യാനവും, സംഖ്യാപാറ്റേണും കണ്ടെത്തുന്നു.

**കാലയളവ് - സെപ്തംബർ**

* രണ്ടക്ക സംഖ്യകളുടെ സങ്കലനം (20ൽ താഴെ)

* രണ്ടക്ക സംഖ്യകളുടെ വ്യവകലനം (20ൽ താഴെ)

**ഒക്ടോബർ, നവംബർ**

* 20ൽ താഴെയുള്ള സംഖ്യകളുടെ സംഖ്യാവ്യാഖ്യാനം

* 20ൽ താഴെയുള്ള സംഖ്യകളുടെ സംഖ്യാപാറ്റേൺ

**ജനുവരി, ഫെബ്രുവരി**

* ഒന്നുമുതൽ 100വരെ എഴുതാനും വായിക്കാനും

* പ്രായോഗിക പ്രശ്നങ്ങൽ വിശകലനം ചെയ്യുന്നതിന് (രൂപയും പൈസയും)

പലതരം വസ്തുക്കൾ ഉപയോഗിച്ചും പാമ്പും കോണിയും കളിയും മറ്റുതരം കളികളിലൂടെയും, വർക്ക് ഷീറ്റ്സ് ഉപയോഗിച്ചും 1 മുതൽ 100വരെയുള്ള സംഖ്യകൾ എണ്ണുന്നതിനും എഴുതുന്നതിനും, 1 മുതൽ20വരെ അക്കങ്ങൾ ഉപയോഗിച്ച് അവയുടെ ആരോഹണക്രമം, അവരോഹണക്രമം, സങ്കലനം, വ്യവകലനം, സംഖ്യാപാറ്റേൺ, സംഖ്യാവ്യാഖ്യാനം എന്നിവയും ചെയ്യുന്നു.



Scanned with OKEN Scanner

## STD-II

## English

Aim : To speak, read, and write english without any mistakes

Time : June to March

**June to March -** Pretest - To check the vocabulary and writing skills of pupils.

| Time | Programme | Activities |
|---|---|---|
| June-July | To develop listening skills and reading skills | 1. Games, Action songs, Hello English activities |
| | | 2. Conversations, skit, stories, use ICT (Listening Skills) |
| | | 1. Identify the naming words from the picture. |
| | | 2. Identify the action words from the same pictures |
| | | 3. Make simple sentences using the actions words and naming words about picture. |
| | | 4. Make symbol description about the picture. |
| | | 5. Growing setences picture reading self introduction. Assembly are also conducted. [Speech, book review, quiz, riddles, Self introduction, School radio] |
| August-September | Develop the creative speaking and writing | Reading skills<br>1. News paper reading, Library books reading, book review, reading reaking news |
| | | 2. Find words |
| | | 3. Collect and read past tense |
| | | 4. Rhyming words |
| | | 5. describing words etc. |
| | | 6. Textbook activities. |
| | | Writing skills |
| | | 1. Make word web |
| | | 2. Picture description with describing words |
| | | 3. Word chain, Sentence chain |
| | | 4. Make words & Sentences |
| | | 5. Make riddles, Conversation |
| | | 6. Add more lines [Speech, book review, quiz, riddles, self introduction, School radio, makes description magazine] |
| October - NOvember | To express thoughts feeling etc | Reading Skills |
| | | 1. News paper reading, Library books reading book review, reading |
| | | 2. Conversations, Skit, Stories etc Use JCT |
| | | 3. Reads breaking news, |
| | | 4. Develop Story |
| | | 5. Read Notice. |



Scanned with OKEN Scanner

| | | |
|---|---|---|
| | | Writing Skills |
| | | 1. Description |
| | | 2. Notice Proclamation |
| | | 3. Thoughts (Speech, Quiz, riddles, School radio, makes magazines, Skits etc) |
| December-January | Develop the creative speaking and writing to express thoughts feelings etc | Reading Skills<br>1. News Paper, Library books, book review reading |
| | | 2. Conversations skits, Stories etc ICT |
| | | 3. Reads breaking news |
| | | 4. Develop story |
| | | 5. Reads diary |
| | | 6. Reads letters from friends. |
| | | Writing Skills |
| | | 1. Diary |
| | | 2. Letter |
| | | 3. Announcement, Speech, Quiz, riddles, School radio, makes mkagazines, Skits, Classroom post office etc. |
| February-March | To improve the presentation power | Reading Skills |
| | | 1. News paper reading, Library books reading, book review |
| | | 2. Conversations, Skit, Stories Use ICT |
| | | 3. Reads Breaking news |
| | | 4. Develop Story |
| | | 5. Reads diary |
| | | 6. Reads letters from friends |
| | | Writting Skills |
| | | 1. Diary |
| | | 2. Letter |
| | | 3. Announcement |
| | | 4. Description |
| | | 5. Notice Proclamation |
| | | 6. Thoughts |
| | | Speech quiz, Riddles, School radio makes magazines, Skits, Class room post office exibition etc. |



Scanned with OKEN Scanner

**STD-II**

**മലയാളം**

| പ്രവർത്തനലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശഷി നേടുന്നതിന് | ചിത്രവായന<br>ചിത്രകാർഡു നിർമാണം - ചിത്രവും, പദങ്ങളും ഉൾക്കൊണ്ടത്, രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു.<br>അവതരണം<br>വായനയ്ക്കും ഭാഷണത്തിനുമുള്ള ക്ലാസ്തല അവസരം മേനിപറച്ചിൽ<br>കഥ ഊഹിച്ചുപറയൽ<br>റോൾപ്ലേ, സചിത്ര പുസ്തകം | ജൂൺ ആദ്യ ആഴ്ച |
| | കഥപൂർത്തിയാക്കൽ (പറയലും എഴുതലും)<br>ചിത്രവായന - അവതരണം<br>കാർഡുകളുടെ ഭാഷണത്തിനുള്ള സാധ്യത ഭാഷണത്തിനുള്ള വേദി ഒരുക്കൽ, ഭാഷണത്തിലും, വായനയിലും കുട്ടി എത്തിനിൽക്കുന്നതലം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. പങ്കാളിത്ത പാഠങ്ങൾ, (ചിത്രം, വീഡിയോ, എന്നിവ പ്രദർശിപ്പിച്ച് ചോദ്യങ്ങളിലൂടെ) തയ്യാറാക്കൽ | ജൂലൈ ആദ്യ ആഴ്ച മുതൽ |
| രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണവായന ഉറപ്പാക്കുക | ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ രക്ഷിതാക്കളുടെ സഹായത്തോടെ കുട്ടികൾക്കനുയോജ്യമായ പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കുന്നു. കുട്ടികളുടെ പുസ്തകപരിചയം പരിപാടി വായിച്ച കഥയെ ചിത്രകഥകളാക്കൽ, വായിച്ച കഥയെ സംഭാഷണമാക്കൽ, കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ<br>വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം നടത്തൽ, പുസ്തകത്തിന്റെ ആസ്വാദ്യ വായന, വീട്ടുലൈബ്രറി എന്ന ആശയം സാക്ഷാത്കരിക്കാനുള്ള പ്രവർത്തനങ്ങൾ, സംയുക്ത ഡയറി | ജൂലൈ അവസാനവാരം മുതൽ |
| വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിലേർപ്പെടുകയും വ്യക്തിഗതമാഗസിനുകൾ തയാറാക്കുകയും ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക | * വായിച്ച പുസ്തകങ്ങളിലെ കഥാപാത്രങ്ങളെ ചിത്രീകരിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങളാക്കൽ<br>* കഥാപുരാണം -മിശ്രപഠനരീതിയുടെ സാധ്യത<br>* ഓഡിയോ ടെക്സ് ഗ്രൂപ്പിൽ നൽകി കഥയുടെ ബാക്കി ഭാഗം അവതരിപ്പിക്കണം<br>* പങ്കാളിത്ത പാഠങ്ങൾ<br>* ചിത്ര വിവരണം | ഓഗസ്റ്റ് |



Scanned with OKEN Scanner

| | | |
|---|---|---|
| കുട്ടികളുടെ സ്വതന്ത്ര്യമായ സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണത്തിനുള്ള വേദി ഒരുക്കുക | * പാട്ടരങ്ങ്, കാവ്യോത്സവം<br>* പ്രകൃതിനടത്തം -യാത്രാവിവരണം ഭാഷണം, ലേഖനം<br>* വായിച്ച പുസ്തകങ്ങളിലെ ആശയം ഇഷ്ടമുള്ള രീതിയിൽ രംഗാവിഷ്ക്കാരം നടത്തൽ | ജൂലൈ സെപ്തംബർ |
| രണ്ടാംക്ലാസിലെ കുട്ടികളുടെ 100 വരെയുള്ള സംഖ്യാബോധം സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി വളർത്തുക | പി.ടി.എ അംഗങ്ങളുടെ സഹായത്തോടെ എല്ലാ കുട്ടികൾക്കുമുള്ള ഗണിതകിറ്റ് ഉറപ്പാക്കുന്നു. (വീട്ടിലും, സ്കൂളിലും) ) ഉല്ലാസ ഗണിതത്തിലെ (സ്റ്റാൻഡേർഡ് 1, 2) പഠനസാമഗ്രികൾ രക്ഷിതാക്കൾക്ക് പരിചയപ്പെടുത്തി സമാനസാധ്യതകൾ ഗണിതകിറ്റിലേക്ക് തയ്യാറാക്കുക. ട്രൈഔട്ട് ശിൽപശാല നടത്തുന്നു. ഗണിതകിറ്റിലെ പഠനോപകരണങ്ങൾ (ഗയിംബോർഡ്, സംഖ്യാകാർഡ്, ........ കാർഡ് , ടോക്കൺ, മഞ്ചാടി, കമ്പ്കെട്ട്) എന്നിവ ഗണിതാകയ രൂപീകരണത്തിന് അധ്യാപിക ക്ലാസിൽ ചെയ്തത്. വീഡിയോ ആക്കി രക്ഷിതാക്കളുടെ ഗ്രൂപ്പിൽ ഇടുന്നു.<br>സമാനപ്രവർത്തനങ്ങൾ രക്ഷിതാക്കൾ കുട്ടികളെ ഉപയോഗിച്ച് ചെയ്യുന്നു. | ജൂൺ രണ്ടാം ആഴ്ച |



Scanned with OKEN Scanner

# ക്ലാസ് 2

## പരിസരപഠനം

ലക്ഷ്യം : ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിച്ച് അവയുടെ പ്രത്യേകതകൾ കണ്ടെത്തുന്നു, ഈ പ്രത്യേകതകൾക്കനുസരിച്ച് സസ്യങ്ങളെ തരംതിരിക്കുന്നു. പട്ടികപ്പെടുത്തു.

**പ്രവർത്തനങ്ങൾ**

**ജൂൺ**

ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷതൈനടൽ. എല്ലാ കുട്ടികൾക്കും വൃക്ഷതൈകൾ വിതരണം ചെയ്യുന്നു.

* വളരുന്ന മരം

* നല്ലനാളേയ്ക്കുവേണ്ടി കവിത (ICT) ഏറ്റുചൊല്ലുന്നു.

* പ്രകൃതി നടത്തം സസ്യങ്ങൾ നിരീക്ഷിക്കുന്നു പേരുകൾ കണ്ടെത്തുന്നു നോട്ടുബുക്കിൽ രേഖപ്പെടുത്തുന്നു. ഒരു മരം വരയ്ക്കുന്നു നിറം നൽകുന്നു ഐ.സി.ടി ഉപയോഗിച്ച് കൂടുതൽ സസ്യങ്ങൾ പരിചയപ്പെടുത്തുന്നു. കുട്ടികൾ തങ്ങളുടെ ചുറ്റുപാടുമുള്ള വിവിധ സസ്യങ്ങളുടെ ഫോട്ടോകളെടുത്ത് ക്ലാസ് ഗ്രൂപ്പിൽ പങ്കുവയക്കുന്നു.

**ജൂലൈ**

വിവിധതരം ഇലകൾ ശേഖരിച്ച് ക്ലാസിൽ കൊണ്ടുവരുന്നു. അവയുടെ പേരുകൾ തിരിച്ചറിയുന്നു. ഇലകളുടെ പ്രത്യേകതകൾ (ആകൃതി, നിറം, മണം, വലുപ്പം) ഇലകളെ തരംതിരിക്കുന്നു.

**ഓഗസ്റ്റ്**

ടീച്ചർ പല ഇലകൾ ഞെരടി കുട്ടികളെ മണപ്പിക്കുന്നു. ഊഹിച്ച് കണ്ടെത്തുന്നു. ഇലയുടെ ഉപയോഗങ്ങൾ കണ്ടെത്തുന്നു. ഇലയും ഉപയോഗങ്ങളും പട്ടിക പൂർത്തിയാക്കുന്നു.

ഇല ആൽബം പല പ്രിന്റ് ആൽബം ഇവ തയ്യാറാക്കുന്നു.

**സെപ്തംബർ**

ടീച്ചർ ഒരു ചെടി പിഴുത് ക്ലാസ്സിൽ കൊണ്ടുവരുന്നു. ചെടിയുടെ ഭാഗങ്ങൾ പരിചയപ്പെടുത്തുന്നു. ചെടി വരയ്ക്കുന്നു ഭാഗങ്ങൾ അടയാളപ്പെടുത്തുന്നു.

**ഒക്ടോബർ**

വിത്ത് മുളപ്പിക്കൽ പരീക്ഷണം നിരീക്ഷിച്ച് ഓരോ ദിവസത്തെയും മാറ്റങ്ങൾ രേഖപ്പെടുത്തുന്നു. വിത്ത് മുളക്കുന്ന വീഡിയോ പ്രദർശിപ്പിക്കുന്നു.

**നവംബർ**

കവിത അവതരിപ്പിക്കുന്നു

ജലസസ്യങ്ങളെ പരിചയപ്പെടുത്തുന്നു. നോട്ടുബുക്കിൽ രേഖപ്പെടുത്തുന്നു.

**ഡിസംബർ**

സ്കൂളിൽ ഒരു സസ്യഉദ്യാനം കുട്ടികൾ വിവിധ നടീൽ വസ്തുക്കൾ കൊണ്ടുവരുന്നു. നടുന്നഭാഗങ്ങൾ പരിചയപ്പെടുന്നു. നടാൻ ഉപയോഗിക്കുന്ന ഭാഗങ്ങൾക്കനുസരിച്ച് സസ്യങ്ങളെ തരംതിരിക്കുന്നു പട്ടികപ്പെടുത്തുന്നു.

**ജനുവരി**

സസ്യങ്ങളുടെ പേരുകൾ നൽകി കുട്ടികളെ ഗ്രൂപ്പ്തിരിക്കുന്നു. ഓരോ ഗ്രൂപ്പും അവരവർക്ക് ലഭിച്ച സസ്യങ്ങളെകുറിച്ച് പറയുന്നു. ലഘുകുറിപ്പുകൾ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു. പതിപ്പിന് ആവശ്യമായ ചിത്രങ്ങളും കവിതകളും ഓരോ ഗ്രൂപ്പുകാരും കണ്ടെത്തുന്നു പതിപ്പ് തയ്യാറാക്കുന്നു.



Scanned with OKEN Scanner

## STD 3

## മലയാളം

വായിച്ചു വളരുക, ചിന്തിച്ച് വിവേകം നേടുക എന്ന മഹത് വചനം അർഥപൂർണ്ണമാക്കാൻ വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഒരു മഹത് സംരംഭം.

**ലക്ഷ്യങ്ങൾ**

*എല്ലാവർക്കും എഴുത്തും വായനയും

* വായനക്കൂട്ടം എഴുത്ത്ക്കൂട്ടം.

* അമ്മ വായന

* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബറി .

* ക്ലാസ് സഭ, സ്ക്കൂൾ സഭ.

* വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ

* മലയാളത്തിലെ വിവിധ സാഹിത്യശാഖകൾ പരിജയപ്പെടൽ.

* ആസ്വാദ്യകരആയ വായനയിൽ വൈദഗധ്യം നേടുക.

* വായനസാമഗ്രികൾ കണ്ടത്തുക, വികസിപ്പിക്കുക .

* വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക.

* ഭിനാചരങ്ങളുമായി ബന്ധപ്പെട്ട് വായനുയൂടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക .

* എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക .

* സാഹിത്യകാരമ്മാരുമായുള്ള സംവാധം , അഭിമഖം എന്നിവ സംഘടിപ്പിക്കൽ .

* ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യത എന്നിവ സജ്ജീകരിക്കൽ

**പ്രവർത്തനങ്ങൾ (ജൂൺ-മാർച്ച്)**

**വിജയസ്പർശം**

1. പ്രീ.ടെസ്റ്റ് നടത്തുന്നു . പിന്നോക്കാരെകണ്ടെത്തി .

2. അക്ഷരം ഉറപ്പിക്കൽ (1 Month)

ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

3. അടയാളങ്ങൾ ഉറപ്പിക്കൽ

ചിത്രസഹായത്താൽ അടയാളങ്ങൾ,ചിഹ്നങ്ങൾ ഉറപ്പിക്കൽ

4.അക്ഷരകാർഡ് ,വാക്കുകൾ എഴുതിയകാർഡ്

അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ . വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ

5. ചിത്രം-അടിക്കുറിപ്പ്

ചിത്രംനൽകൽ- അടിക്കുറിപ്പ് പറയിപ്പിക്കൽ-അധ്യാപികയുടെ സഹായത്തോടെ എഴുതൽ.

6. കഥ-ബാക്കിപറയൽ -എഴുതൽ

ഒരു കഥയുടെകുറച്ചുഭാഗം നൽകുന്നു.ബാക്കിപറയിപ്പിക്കുന്നു . എഴുതുന്നു

7. കഥാപുസ്കം നൽകുന്നു

വായന കുറിപ്പ് തയ്യാറാക്കൽ

8. CD പ്രദർശനം



Scanned with OKEN Scanner

ചിത്രത്തിൽ അടങ്ങിയ CD പ്രദർശിപ്പിക്കുന്നു. ഒരോചിത്രത്തെയും കുറിച്ച് പറയാൻ അവസരം എഴുതാൻ അവസരം

9. ഭിന്നശേഷിക്കാരെപരിഗണിക്കൽ

ഭിന്നശേഷികാർക്കായി പ്രത്യേകം പ്രവർത്തന പാക്കേജ് IED

10. ക്ലാസ് വായനാക്കൂട്ടം രൂപികരിക്കൽ

ക്ലാസിലെ മുഴുവൻ കുട്ടികളെയും 5പേർഅടങ്ങുന്ന ഗ്രൂപ്പ് ആക്കുന്നു .എത്രപുസ്ത്തകം വായിക്കാം (പാഠഭാഗവും മായി ബന്ധപ്പെട്ടവ)ചർച്ച വായനാക്കുറിപ്പ് അസംബ്ലി, ആകാശവാണി ബാലസഭ എന്നിവയിൽ അവതരിപ്പിക്കാൻ അവസരം, കാവ്യോത്സവം.

11. പുസ്തകവിതണ രജിസ്റ്റർ,കുട്ടി ലൈബ്രറിയൻ,പുസ്തകവിതരണം,പുസ്തകങ്ങൾ വിവിധതലക്കെട്ടോടെയുള്ള ക്രമീകരണം , ബർത്ത്ഡേ പുസ്തകശേഖരണം, റീഡേഴ്സ് തീയേറ്റർ.

## STD 3

## പരിസര പഠനം

**ലക്ഷ്യങ്ങൾ:**

- ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിച്ച് അവയുടെ പ്രത്യേകതകൾ കണ്ടെത്തുന്നു. ഈ പ്രത്യേകതൾക്കനുസരിച്ച് സസ്യങ്ങളെ തരംതിരിക്കുന്നു, പട്ടികപ്പെടുത്തുന്നു.
- പ്രകൃതിസംരക്ഷണത്തിലൂടെ ആരോഗ്യകരമായ ജീവിതം സാധ്യമാക്കുന്നു.

**പ്രവർത്തനങ്ങൾ**

**ജൂൺ**

- ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ. എല്ലാ കുട്ടികൾക്കും വൃക്ഷതൈകൾ വിതരണം ചെയ്യൽ.
- വളരുന്ന മരം
- നല്ല നാളേക്ക് വേണ്ടി കവി (ICT) ഏറ്റു ചൊല്ലുന്നു.
- പ്രകൃതി നടത്തം. സസ്യങ്ങളെ നിരീക്ഷിക്കുന്നു. പേരുകൾ കണ്ടെത്തുന്നു. നോട്ട്ബുക്കിൽ രേഖപ്പെടുത്തുന്നു. കളറ ഉപയോഗിച്ച് കൂടുതൽ സസ്യങ്ങളെ പരിചയപ്പെടുന്നു. പട്ടികപ്പെടുത്തുന്നു.

**ജൂലൈ**

- വിവിധതരം ഇലകൾ ശേഖരിച്ച് ക്ലാസ്സിൽ കൊണ്ടുവരുന്നു. അവയുടെ പേരുകൾ തിരിച്ചറിയുന്നു. മണം കൊണ്ട് തിരിച്ചറിയുന്നവ, മണം കൊണ്ട് തിരിച്ചറിയാത്തവ എന്നിങ്ങനെ പട്ടികപ്പെടുത്തുന്നു. ഇല ആൽബം തയ്യാറാക്കുന്നു.
- വ്യത്യസ്ത തരം പൂക്കൾ - മണമുളളവ, മണമില്ലാത്തവ, വലിപ്പം, ഒരേ നിറമുള്ളവ, പല നിറത്തിലുള്ളവ...

**ആഗസ്റ്റ്**

- ചെടിയുടെ ഭാഗങ്ങൾ പരിചയപ്പെടൽ, വരയ്ക്കൽ, വിത്ത് മുളപ്പിക്കൽ, പരീക്ഷണം, വിത്ത് മുളയ്ക്കൽ വീഡിയോ പ്രദർശനം

**സെപ്റ്റംബർ**

- ജല സസ്യങ്ങലെ പരിചയപ്പെടുന്നു. നോട്ട്ബുക്കിൽ രേഖപ്പെടുത്തുന്നു.

**ഒക്ടോബർ**

- സ്കൂളിൽ ഒരു സസ്യ ഉദ്യാനം. കുട്ടികളും അധ്യാപകരും ചേർന്ന് വിത്ത്, തണ്ട് മുളച്ച് ഉണ്ടാകുന്നവ എന്നിങ്ങനെ തരം തിരിച്ച് ഉദ്യാനം നിർമ്മിക്കുന്നു.



Scanned with OKEN Scanner

**നവംബർ**

ഡോക്യുമെന്ററി പ്രദർശനം - പരിസ്ഥിതി സംരക്ഷണം, ഹരിതസേനയോടൊപ്പം ഒരു ദിനം

**ഡിസംബർ -ജനുവരി**

- പാഴ്‌വസ്തുക്കൾ എന്നൊന്നില്ല. കൗതുകവസ്തു നിർമ്മാണങ്ങൾ. പരിശീലനം, പ്രദർശനം

**ഫെബ്രുവരി- മാർച്ച്**

- പരിസ്ഥിതി ക്യാമ്പ്, "എന്റെ കുട്ടിയിലെ മാറ്റങ്ങൾ" രക്ഷിതാക്കളുടെ പങ്കുവെക്കൽ

## Class III
## English

**Aim**

To speak, read, and write English withoug any mistakes

**Time**

June to March

**Pretest**

To check the vocabulary and writing skills aof pupils

**June and July**

To develop listening skills and reading skills

**Listening Skills**

1. Games, Action songs, Hello English activities.
2. Conversations, Skit stories (use ICT)

**Speaking skills**

1. Identify the naming words from the picture
2. Identify the action words from the same pictures
3. Make simple sentences using the action words and naming words about the picture.
4. Make symbol description about the picture
5. Growing sentences, picture reading self introduction, Assembly are also conducted.

**Activities**

Speech, book review, quiz, riddles, self introduction, School radio etc.
August and September
Develop the creative speaking and writing.

**Reading Skills**

1. News paper reading, library books reading, book review, reading breaking news
2. Find words
3. Collect the read past tense
4. Rhyming words
5. Describing words etc.
